ഈ മരുയാത്രയിൽ യേശുനാഥൻ മാറിൽ

ചേർന്നു നടക്കുകിൽ എന്താനന്ദം

എത്ര ഭാഗ്യം എത്ര യോഗ്യം – 2

ഈ മരുയാത്രയിൽ എന്താനന്ദം! – 2

ഇന്നേയ്ക്കും നാളേയ്ക്കും  വേണ്ടതെന്താണെന്ന്

ചിന്തിച്ചുഴലേണ്ടാ  സർവ്വശക്തനുണ്ട്

വേണ്ടതെല്ലാമവൻ കരുതിക്കൊള്ളും

ഈ മരുയാത്രയിൽ എന്താനന്ദം!   –  2

നിൻറെ വിചാരംകൊണ്ട് നിൻറെ നീളത്തോട്

ഒരു മുഴം കൂട്ടാൻ കഴിയില്ലെങ്കിലും

ഭാരമെല്ലാം അവൻമേൽ ഇടുക

ഈ മരുയാത്രയിൽ എന്താനന്ദം!   –  2

രാത്രി മുഴുവനും അദ്ധ്വാനിച്ചെന്നിട്ടും

ഒന്നും ലഭിച്ചില്ല  ഭാരപ്പെടേണ്ട നീ

വലിയ മീൻകൂട്ടം കരുതുമവൻ

ഈ മരുയാത്രയിൽ എന്താനന്ദം!   –  2

നീ തളരുന്നേരം നിനക്കായിട്ടവൻ

കനലിൻ മേൽ ചുട്ട അപ്പവും മീനുമായ്

കാത്തിരിയ്ക്കുന്നതു കാണുന്നില്ലേ

ഈ മരുയാത്രയിൽ എന്താനന്ദം!   –  2

സ്വന്തമായതുവിട്ടു തന്നെ പിൻചെല്ലുകിൽ

ഈ ലോകത്തിൽ  പല മടങ്ങായും പിന്നെ   2

നിത്യ ജീവനുമവൻ നൽകുകില്ലേ

ഈ മരുയാത്രയിൽ എന്താനന്ദം! - 2

Ee maruyaathrayil yeshunaathan maaril

chernnu nadakkukil enthaanandam 2

ethra bhaagyam ethra yogyam – 2

ee maruyaathrayil enthaanandam! – 2

inneykkum naaleykkum vendathenthaanennu

chinthicchuzhalendaa sarvvashakthanundu

vendathellaamavan karuthikkollum 2

ee maruyaathrayil enthaanandam! - 2

ninte vichaaramkondu ninte neelatthotu

oru muzham koottaan kazhiyillenkilum

bhaaramellaam avanmel iduka 2

ee maruyaathrayil enthaanandam! - 2

raathri muzhuvanum addhavaanicchennittum

onnum labhicchilla bhaarappedenda nee

valiya meenkoottam karuthumavan 2

ee maruyaathrayil enthaanandam! - 2

nee thalarunneram ninakkaayittavan

kanalin mel chutta appavum meenumaayu

kaatthiriykkunnathu kaanunnille 2

ee maruyaathrayil enthaanandam! - 2

svanthamaayathuvittu thanne pin̆chellukil̆

ee lokatthil̆ pala madangaayum pinne

nithya jeevanumavan̆ nal̆kukille 2

ee maruyaathrayil̆ enthaanandam! – 2